നം കെഎസ്എ.കെടിഎം.പി12-1682/2016 തീയതി-05.11.16

കോട്ടയം ജില്ലയിലെ **എലിക്കുളം** ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.02.16 മുതൽ 30.09.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. വർഗ്ഗീസ് ജോസഫ് , ഡെപ്യൂട്ടിഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	14.10.2016 മുതൽ 22.10.2016 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.പ്രസാദ് പി.ജി, ഓഡിറ്റ് ഓഫീസർ ശ്രീ.സജി. പി.ആർ, അസി.ഓഡിറ്റ് ഓഫീസർ ശ്രീമതി.വി.ലേഖ, അസി.ഓഡിറ്റ് ഓഫീസർ ശ്രീ.ഷാജിമോൻ പി.ബി, ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.കെ.പി.കരുണാകരൻ നായർ	01/04/15 - 31/10/15
	ഭരണനിർവ്വഹണ സമിതി	01.11.15 - 18.11.15
	ശ്രീമതി സുമംഗലാ ദേവി എം.പി.	19.11.15 - 31.03.16
സെക്രട്ടറി	ശ്രീമതി ബി.എസ്.ഗീത	01/04/15 - 02.05.15
	ശ്രീ.സിബി ജോസ് കെ, (അസി.സെക്രട്ടറി അധികച്ചുമതല)	03.05.15 - 22.07.15
	ശ്രീമതി ഗീതമേരി മാമ്മൻ	23.07.15 – 31.03.16

നിർവ്വഹണഉദ്യോഗസ്ഥർ

ശ്രീമതി രാധാമണി കെ.എൻ	അസിസ്റ്റന്റ എഞ്ചിനീയർ	01/04/15 – 31/05.15
ശ്രീ.മഹേഷ് പി.മോഹൻ	"	01.06.15-31.03.16
ശ്രീ.ജിജോ ജോസ്, വൈപ്പന	കൃഷി ഓഫീസർ	01.04.15-24.05.16

ശ്രീ.വേണുഗോപാൽ പി.ആർ.	"	25.05.15-31.03.16
ശ്രീമതി ജാസ്മിൻ കെ.	എെ.സി.ഡി.എസ്. സൂപ്പർവൈസർ	01.04.15-31.03.16
ഡോ.അഞ്ജലി വി.	ആയൂർവേദ മെഡിക്കൽ ഓഫീസർ	01.04.15-31.03.16
ഡോ.ജസ്സി എം.കട്ടപ്പുറം	അലോപ്പതി മെഡിക്കൽ ഓഫീസർ	01.04.15-31.03.16
ഡോ.സ്മിത കൈമൾ	വെറ്ററിനറി സർജൻ	01.04.15-31.03.16
ഡോ.സൗദ ഇ.എ.	ഹോമിയോ മെഡിക്കൽ ഓഫീസർ	01.04.15-31.03.16
ശ്രീമതി ജമിനി ജോൺ	ഡയറി ഫാം ഇൻസ്ട്രക്ടർ	01.04.15-31.03.16
ശ്രീ.സിബി ജോസ് കെ.	അസിസ്റ്റന്റ് സെക്രട്ടറി	01.04.15-31.03.16
ശ്രീ.ആകർഷ് ജി.കൃഷ്ണൻ	വി.ഇ.ഒ.	01.04.15-31.03.16
ശ്രീ.രങ്കു സുരേഷ്	വി.ഇ.ഒ.	01.04.15-31.05.15
ശ്രീ.ബിഷ്ണു സുധാകരൻ	വി.ഇ.ഒ.	01.06.15-08.12.15

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഭാഗം 1--പൊതു അവലോകനം	ഖണ്ഡിക നമ്പർ
ബജറ്റ്	1-1
വാർഷിക ധനകാര്യപത്രിക	1-2
വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
സാമ്പത്തിക വിശകലനം	1-4
ഫണ്ട് വിനിയോഗം	1-5
പദ്ധതി അവലോകനം	1-6
തനതുവരുമാനം	1-7
ക്ഷേമപദ്ധതികൾ	1-8
ക്യാഷ് വെരിഫിക്കേഷൻ	1-9
മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം	1-10
ഭാഗം 2 വരവുകണക്കുകൾ	
വാർഷികകണക്കുകളുടെ അവലോകനം	2-1
വാസഗൃഹങ്ങളുടെ വസ്തു നികുതി നിർണ്ണയം--അപാകതകൾ	2-2
ഗാർഹികേതര വസ്തുനികുതി നിർണ്ണയം--അപാകതകൾ	2-3
സ്ഥാപന തൊഴിൽ നികുതി ഇൗടാക്കിയില്ല	2-4
ജീവനക്കാരുടെ തൊഴിൽ നികുതി ഇൗടാക്കാത്തത്	2-5
വിമുക്തഭടനെ തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയത്	2-6
ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഇൗടാക്കാത്തത് സംബന്ധിച്ച്	2-7
വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഇൗടാക്കിയില്ല	2-8
യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ (എച്ച്.പി.)അടിസ്ഥാനത്തിൽ ഫീസ് ഇൗടാക്കിയില്ല	2-9
ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച്	2-10
ഭാഗം 3 ചെലവുകണക്കുകൾ	
8 വർഷത്തെ സേവനത്തിന് ഹയർ ഗ്രേഡ്--അധിക ചെലവ്	3-1

ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതിയ്ക്ക് ധനസഹായം--ചെലവ് അംഗീകരിക്കുന്നില്ല	3-2
ഞണ്ടുപാറ അംഗൻവാടി മെയിൻറനൻസ്--അപാകതകൾ	3-3
ചാത്തമല കുടിവെള്ള പദ്ധതി--അപാകതകൾ	3-4
അങ്കണവാടി കേന്ദ്രസഹായം ചെലവഴിക്കാത്ത തുക--കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്	3-5
ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി പ്രവർത്തനങ്ങളിൽ അലംഭാവം	3-6
ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
വായ്പ-വായ്പ തിരിച്ചടവ്	4-4
സ്ഥിരനിക്ഷേപങ്ങൾ	4-5
ഓഡിറ്റ് റിക്കവറി	4-6
സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-7
ഓഡിറ്റ് പ്രത്യവലോകനം	4-8
തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ	4-9
ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം-1
ബാലൻസ് ഷീറ്റ്	അനുബന്ധം-2
ഇൻകം ആൻറ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെൻറ്	അനുബന്ധം-3
റസീപ്റ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെൻറ്	അനുബന്ധം-4

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

2015-16 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ തീയതി	17.2.2016 ലെ 6-ാം നമ്പർ തീരുമാനം (പുതുക്കിയത്)

ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയാറാക്കി പാസ്സാക്കുന്നതിൽ നിയതമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. ബജറ്റ് തയാറാക്കുന്നതിൽ മതിയായ ഉൾക്കാഴ്ചയും ഗൗരവവും ഭരണസമിതിയും ഉദ്യോഗസ്ഥരും പുലർത്തിയിട്ടില്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ, ശാസ്ത്രീയ സമീപനങ്ങൾ എന്നിവയൊന്നും ഉണ്ടാകുന്നില്ല.

ബജറ്റ് നിർദ്ദേശപ്രകാരമുള്ള എല്ലായിനം വരവുകളിലും ബജറ്റിലെ വകയിരുത്തലിനെക്കാൾ വളരെ കുറവാണ് യഥാർഥത്തിലുള്ള വരവ്. ബജറ്റിലെ നികുതിനിർദേശങ്ങൾ യാഥാർഥ്യ ബോധത്തിലും ശാസ്ത്രീയ നിഗമനങ്ങളിലും അടിസ്ഥാനമാക്കിയല്ല തയാറാക്കുന്നതെന്നതാണ് ഇതിൽ നിന്ന് വ്യക്തമാവുന്നത്.

1-2 വാർഷിക ധനകാര്യപത്രിക.

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2015-16	31.07.2016	16.6.2016

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിൻറെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

മുൻ ബാക്കി	21261780

വരവ്	32232693
ആകെ	53494473
ചെലവ്	38661430
നീക്കി ബാക്കി	14833043

1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ തുക	ചെലവ് തുക	ട്രാൻസ്ഫർ ക്രഡിറ്റ്	നീക്കിബാക്കി (RP 40 b പ്രകാരം)
വികസന ഫണ്ട് (ജനറൽ)	724147	8354000	9078147	9078147	1567825	0
വികസന ഫണ്ട്(എസ്.സി.പി)	1181205	1863444	3044649	2177170	867479	0
വികസനഫണ്ട്(ടി.എസ്.പി)	73300	43996	117296	43996	73300	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	16830	4614000	4630830	4574750	242393	0
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	873700	2568000	3441700	1354631	242393	0
ധനകാര്യ കമ്മീഷൻ അവാർഡ്	1228703	3775362	5004065	4599787	404278	0
ലോക ബാങ്ക് സഹായം	2861408	0	2861408	2638640	222768	0

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
165	140		25	85

1. നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	3	3	567654	479077	84
വെറ്ററിനറി സർജൻ	4	4	1664730	689730	41
മെഡിക്കൽ ഓഫീസർ സി സി.എച്ച്.സി	1	1	418039	418039	100
മെഡിക്കൽ ഓഫീസർ ഹോമിയോ	1	1	100000	100000	100
മെഡിക്കൽ ഓഫീസർആയുർവേദം	1	1	400000	400000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	13	11	6120000	3509000	57
എെ.സി.ഡി.എസ് സൂപ്പർവൈസർ	7	7	2581829	2336385	90
സെക്രട്ടറി	26	17	8205034	4165888	51
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	300000	300000	100
അസിസ്റ്റന്റ് സെക്രട്ടറി	14	12	3483921	2028940	58
അസിസ്റ്റന്റ് എൻജിനീയർ	94	82	17206202	14885376	87

ഓഡിറ്റ് വർഷം ഹെഡ് മാസ്റ്റർ ഒഴികെയുള്ളവർ പ്രോജക്റ്റുകൾ നിർവഹണം നടത്തുകയുണ്ടായി. എന്നാൽ മെഡിക്കൽ ഓഫീസർമാർ മാത്രമാണ് പ്രോജക്റ്റുകൾക്കായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചത്.വെറ്ററിനറി സർജൻ 41 ശതമാനവും സെക്രട്ടറി, വി.ഇ.ഒ, അസി.സെക്രട്ടറി എന്നിവർ യഥാക്രമം 51,57,58 ശതമാനം വീതവുമാണ് പ്രോജക്റ്റുകൾക്കായി ചെലവഴിച്ചത്.ചെലവ് ശതമാനത്തിലെ കുറവ് പ്രോജക്റ്റ് നടത്തിപ്പിലെ വീഴ്ചയും, പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സേവനങ്ങളിലെ കുറവിനേയുമാണ് കാണിക്കുന്നത്.

1-7 തനത് വരുമാനം.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	%(+)/(-)
നികുതി വരവുകൾ	3385507	3382232	3275	0.009(-)
നികുതിയേതര വരവുകൾ	378791	519306	140515	37.09

മറ്റ് വരവുകൾ (ഇനം തിരിച്ച്)	48379119	28322155	20056964	41.45(-)
ആകെ	52143417	32223693	19919724	38.2(-)

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

ക്രമ നം.	പദ്ധതി	2015-16 ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ	നിരസിച്ചവ	കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം.
1	കർഷകത്തൊഴിലാളി പെൻഷൻ	14	7	7	ഇല്ല
2	തൊഴിൽ രഹിത വേതനം	6	5	1	“
3	വിധവാ പെൻഷൻ	65	49	16	"
4	വികലാംഗ പെൻഷൻ	26	22	4	"
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3	3	-	"
6	വാർദ്ധക്യകാല പെൻഷൻ	679	570	109	"

വാർദ്ധക്യകാലപെൻഷൻ അപേക്ഷകരുടെ ആധിക്യം മൂലം അപേക്ഷയിൻമേലുള്ള അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നെങ്കിലും പരമാവധി വേഗത്തിൽ നടപടികൾ പൂർത്തീകരിച്ച് പെൻഷൻ അർഹരായവർക്ക് പെൻഷൻ നല്കിയിട്ടുണ്ട്.

1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12115 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
പെർഫോമൻസ് ഓഡിറ്റ്	27&28 ഏപ്രിൽ 2016	2/2016 മുതൽ 3/2016	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിൻെറ ഓഡിറ്റ്	4,5/2006	1997-98 മുതൽ 2005-06 വരെ	LBA(HQ) A/8-A-986/234 തീ.12.06.2006

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രജിസ്റ്ററുകളും രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്ഥികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
2. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.
3. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

2-2 വാസഗൃഹങ്ങളുടെ വസ്തു നികുതി നിർണ്ണയം- അപാകതകൾ

തദ്ദേശ സ്വയംഭരണ (ആർ. ഡി) വകുപ്പിന്റെ 2013 മാർച്ച് 15 -ാം തീയതിയിലെ 168 -ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം 2013 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നതിനാൽ എലിക്കുളം ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി അടിസ്ഥാന വസ്തു നികുതിയിൻമേൽ ഇളവ്/വർദ്ധനവ് ഇവ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനായി എലിക്കുളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട എല്ലാ റോഡുകളെയും, നടപാപാതകളെയും ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 24-5-13ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം മൂന്നായി തരം തിരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തരം തിരിവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന എല്ലാ പി.ഡബ്ല്യു.ഡി. റോഡുകളും, സംസ്ഥാന ഹൈവേകളും.

2)ഒന്നര മീറ്ററിൽ കൂടുതലും എന്നാൽ അഞ്ചു മീറ്ററിൽ കുറവ് വീതിയുള്ള എല്ലാ റോഡുകളും.

3)ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ

2015-16 സാമ്പത്തിക വർഷം 150ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ മേൽ പ്രസ്താവിച്ചതുപോലെ തരം തിരിക്കപ്പെട്ട റോഡുകൾ അവയുടേതല്ലാത്ത കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഇപ്രകാരം വസ്തു നികുതി നിർണ്ണയം നടത്തിയതിനാൽ പല കെട്ടിടങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൻമേലുള്ള വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉടമയുടെ വിവരം	വാർഡ് നമ്പർ	കെട്ടിട നമ്പർ	വിസ്തീർണ്ണം ച.മീറ്ററിൽ	ഉൾപ്പെടുത്തിയ റോഡിന്റെ തരം	ഉൾപ്പെടുത്തേണ്ട റോഡിന്റെ തരം
1	ജോസ് മാത്യു. കല്ലൂരാത്ത്	15/ മടുക്കക്കുന്ന്	376-a	277	കാറ്റഗറി 2ഒന്നര മീറ്ററിൽ കൂടുതൽ 5 മീറ്ററിൽ കുറവ്	കാറ്റഗറി- 1 അഞ്ചുമീറ്ററിൽ കൂടുതലുള്ള റോഡുകൾ. പി.ഡബ്ല്യു.ഡി റോഡുകൾ
2	ഡിസ്നി.കെ.മാത്യു.	3/ മല്ലികശ്ശേരി	100-b	195.5	;	;
3	സിബി സെബാസ്റ്റ്യൻ കിണറ്റുകര	3/ മല്ലികശ്ശേരി	54-a	235.53	;	;
4	സിബി കുര്യാക്കോസ് ഇരുപ്പക്കാട്ട്	12/ഇളങ്ങുളം	129-b	254	;	;
5	സാം പ്രകാശ്.റ്റി. ചൂരപ്പൊയ്കയിൽ	13/ കൂരാലി	23-a	159	;	;

മാത്രമല്ല ചില ഫോറം എൻട്രികളിൽ റോഡിന്റെ പേര് ചേർത്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 12-ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2-3 ഗാർഹികേതര വസ്തു നികുതി നിർണ്ണയം- അപാകതകൾ

തദ്ദേശ സ്വയംഭരണ (ആർ. ഡി) വകുപ്പിന്റെ 2013മാർച്ച് 15-ാം തീയതിയിലെ 168-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം 2013 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നതിനാൽ എലിക്കുളം ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി അടിസ്ഥാന വസ്തു നികുതിയിൻമേൽ ഇളവ്/വർദ്ധനവ് ഇവ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനായി എലിക്കുളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട എല്ലാ റോഡുകളെയും, നടപാതകളെയും ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 24-5-13 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം മൂന്നായി തരം തിരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തരം തിരിവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന എല്ലാ പി.ഡബ്ല്യു.ഡി. റോഡുകളും, സംസ്ഥാന ഹൈവേകളും.

2) ഒന്നര മീറ്ററിൽ കൂടുതലും എന്നാൽ അഞ്ചു മീറ്ററിൽ കുറവ് വീതിയുള്ള എല്ലാ റോഡുകളും.

3)ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ

2015-16 സാമ്പത്തിക വർഷം 100ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ഗാർഹികേതരാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ മേൽ പ്രസ്താവിച്ചതുപോലെ തരം തിരിക്കപ്പെട്ട റോഡുകൾ അവയുടേതല്ലാത്ത കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഇപ്രകാരം വസ്തു നികുതി നിർണ്ണയം നടത്തിയതിനാൽ പല കെട്ടിടങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൻമേലുള്ള വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്ന.

ക്രമ നമ്പർ	ഉടമയുടെ വിവരം	വാർഡ് നമ്പർ	കെട്ടിട നമ്പർ	വിസ്തീർണ്ണം (ച.മീറ്ററിൽ)	ഉൾപ്പെടുത്തിയ റോഡിന്റെ തരം	ഉൾപ്പെടുത്തേണ്ട റോഡിന്റെ തരം
1	സിബി ജോസഫ്, മാടപ്പള്ളിൽ	4/ കാരക്കുളം	47-b	182.4	കാറ്റഗറി 2ഒന്നര മീറ്ററിൽ കൂടുതൽ 5 മീറ്ററിൽ കുറവ്	കാറ്റഗറി- 1 അഞ്ചുമീറ്ററിൽ കൂടുതലുള്ള റോഡുകൾ. പി.ഡബ്ല്യു.ഡി റോഡുകൾ
2	ജോസഫ് മത്തായി ജോയി അടിച്ചിലാമ്മാക്കൽ	15/ മടുക്കക്കുന്ന്	269-a	105.64	;	;
3	ജോസഫ് എബ്രഹാം, വാണിയപ്പുരയ്ക്കൽ	6/പൊതുകം	407-a	189	;	;

മാത്രമല്ല ചില ഫോറം എൻട്രികളിൽ റോഡിന്റെ പേര് ചേർത്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-13 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2015-16 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഈടാക്കാത്ത അർദ്ധവർഷം
1	കാഞ്ഞിരപ്പള്ളി നോർത്ത് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി	ഒന്നും രണ്ടും
2	ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് പ്രഭാത സായാഹ്ന ശാഖ	ഒന്നും രണ്ടും

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -17-ന് ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

2-5 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്.

2015-16 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഈടാക്കാത്ത അർദ്ധവർഷം
1	എലിക്കുളം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	ഒന്നും രണ്ടും

2	അഗ്രികൾച്ചർ ഇപ്രൂവ്മെൻ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	ഒന്നും രണ്ടും
3	കാഞ്ഞിരപ്പള്ളി നോർത്ത് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി	ഒന്നും രണ്ടും

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

2-6 വിമുക്തഭടനെ തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയത്

2015-16 സാമ്പത്തിക വർഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഇളങ്ങുളം ശാഖയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയപ്പോൾ ശ്രീ. വി.പി. യാക്കോബ് എന്ന ജീവനക്കാരനെ വിമുക്തഭടൻ എന്ന കാരണത്താൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് & സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ജി. ഒ (ആർ.ടി) 1016/ 72 തീയതി 1-6-72 പ്രകാരം സി. ആർ.പി.എഫ് ജവാൻമാരെ മാത്രമാണ് തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-7 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2-7 ഡി&ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മുൻ റിപ്പോർട്ടിലെ ഖണ്ഡിക 2-4 പ്രകാരം ചില സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻ്റ് ചെയ്യാത്തത് പരാമർശിച്ചിരുന്നു എങ്കിലും 2015-16 വർഷവും ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2015-16 വർഷം തൊഴിൽ നികുതി ഡിമാൻ്റ് ചെയ്യാതിരുന്ന ഏതാനും സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപന ഉടമയുടെ വിവരം	വ്യാപാരത്തിന്റെ സ്വഭാവം	സ്ഥാപന ഉടമ നൽകിയ അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം
1	ജോസഫ്. എം. കള്ളിവയലിൽ	ഗ്ലെൻ റോക്ക് റബ്ബർ പ്രോഡക്ട്സ് (പ്രൈ) ലിമിറ്റഡ്	125
2	മാനേജർ ഹൈറേഞ്ച് ഫുഡ് പ്രോഡക്ട്സ് (പ്രൈ) ലിമിറ്റഡ്	ഹൈറേഞ്ച് ഫുഡ് പ്രോഡക്ട്സ് (പ്രൈ) ലിമിറ്റഡ്	50
3	ജേക്കബ് തോമസ് പുതുപ്പള്ളിൽ	ഇറോസ് മെറ്റൽസ്	30
4	റ്റി.എസ്.ഹരിദാസ്, തിരുവപ്പള്ളിൽ	തിരുവപ്പള്ളിൽ സോമിൽ& വുഡ് ഇൻഡസ്ട്രീസ്	12
5	അനൂപ്. പി. റ്റി, പാട്ടുപാറയിൽ	ഗുഡ് സമരറ്റൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി	5
6	സെബാസ്റ്റ്യൻ മാത്യു	അജ്കോസ് മൾട്ടി സ്റ്റേറ്റ്	3

		അഗ്രികൾച്ചറൽ പ്രൊഡ്യൂസേസ്സ് പ്രൊസസ്സിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇൻഡ്യ ലിമിറ്റഡ്.	
7	റോസ് മേരി കിഴവറപ്പള്ളിൽ	മയൂരാ റബ്ബേഴ്സ്	4
8	ജേക്കബ് തോമസ്സ് പുതുപ്പള്ളിൽ	ഇറോസ് ഇന്ററീരിയേഴ്സ്	5
9	റോസമ്മ ഡോമിനിക്, മുഞ്ഞനാട്ട്	മുഞ്ഞനാട്ട് ബ്രിക്സ്സ്	5
10	സാലമ്മ സണ്ണി നീണ്ടൂർ	നീണ്ടൂർ മാർക്കറ്റിംഗ് അസ്സോസിയേറ്റ്സ്	5
11	ബെറ്റ്സി സജി മൂക്കിലിക്കാട്ട്	മൂക്കിലിക്കാട്ട് ഹോളോബ്രിക്സ്സ്	4
12	ബിൻസ് ജോസ് തൊടുകയിൽ	ആവേ മരിയ ഗ്യാസ് ഏജൻസി	2
13	ആൻസി.ജി. വാലി, വാളിപ്ലാക്കൽ	സുപ്രീം റബ്ബർ കമ്പനി	2
14	സി.ജെ. കുരുവിള, ചീരാംകുഴിയിൽ	ചീരാംകുഴിയിൽ ലാറ്റക്സ്സ് പ്രോഡക്ട്സ്	5
15	ജോബി ആൻഡ്രൂസ് വട്ടമാക്കൽ	ജെ.ജെ. റബ്ബേഴ്സ്	3
16	സജിത് വർമ്മ, സജിത് ഭവൻ	റോയൽ അസ്സോസിയേറ്റ്സ്	4

ടി സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-11ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ (1)ൽ പ്രസ്താവിച്ചിട്ടുള്ള ഗ്ലെൻ റോക്ക് റബ്ബേഴ്സ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷം 171 ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 69330/ രൂപ രസീത് നമ്പർ 11602101560/ 30-8-16 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. മുൻ റിപ്പോർട്ട് പരാമർശം ഖണ്ഡിക 2-4 പ്രകാരം ടി സ്ഥാപനത്തിൽ നിന്നും നൽകുന്ന വിവരങ്ങൾ പ്രകാരമുള്ളതിൽ അധികം ജീവനക്കാർ ജോലി നോക്കുന്നതായും, ടി സ്ഥാപനത്തിൽ പരിശോധന നടത്തി യഥാർത്ഥ വിവരശേഖരണം നടത്തേണ്ടതുമാണ് എന്ന് പരാമർശിച്ചിരുന്നു. അപ്രകാരം വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിലല്ല 2016-17 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയത്. തനതു വരുമാനം നന്നേ കുറവായ ഗ്രാമ പഞ്ചായത്തിലെ വരുമാന ചോർച്ച തടയുന്നതിനുള്ള മാർഗങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും നടപടി സ്വീകരിക്കാത്തത് ഓഡിറ്റ് സഗൗരവം വീക്ഷിക്കുന്നു. അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-8 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല.

2015-16 വർഷങ്ങളിൽ ഡി&ഒ ലൈസൻസ് അനുവദിച്ചപ്പോൾ സ്ഥാപനത്തിന്റെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഇടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമ	സ്ഥാപനം	വിറ്റുവരവ്	ഇ◌ൗടാക്കിയ ഫീ	ബിൽ നം.	ഇ◌ൗടാക്കേണ്ട ഫീ	കുറവ്
മാനേജർ	ഹൈറേഞ്ച് ഫുഡ് പ്രോഡക്ട്സ് (പ്രൈ) ലിമിറ്റഡ്	260908 രൂപ	1000 രൂപ	11402105717-24.3.15	4000 രൂപ	3000 രൂപ

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-6 ന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് തുക ഈടാക്കുന്നതാണ് എന്ന്

അറിയിച്ചിട്ടുണ്ട്. തുക സ്ഥാപന ഉടമയിൽ നിന്നോ, അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

2-9 യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ (എച്ച്. പി) അടിസ്ഥാനത്തിൽഫീസ് ഈടാക്കിയില്ല

2015-16 സാമ്പത്തിക വർഷം ഡി& ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ (എച്ച്. പി) അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉടമയുടെ/ വ്യാപാരത്തിന്റെ വിവരം	അപേക്ഷ പ്രകാരം കുതിരശക്തി	ഈടാക്കിയ ഫീസ്	രസീത് നമ്പർ	അനുബന്ധ രേഖകൾ പ്രകാരം കുതിരശക്തി	ഈടാ ക്കേണ്ട ഫീസ്	കുറവ്
1	ജോസഫ്. എം. കള്ളിവയലിൽ, ഗ്ലെൻ റോക്ക് റബ്ബേഴ്സ് (പ്രൈ) ലിമിറ്റഡ്	1600	15000	11402105318/ 19.3.15	2199.5	22000	7000
2	ജേക്കബ് തോമസ്സ്, ഇറോസ് മെറ്റൽസ്	60	500	11502100334/ 22.4.15	-	1000	500
3	അമ്മിണിയമ്മാൾ, രേവതി ഓയിൽ മിൽ	40	200	11402105444/ 20.3.15		400	200
	ആകെ						7700

മേൽ അപാകതയ്ക്ക് വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 8ന് ലഭ്യമാക്കിയ മറുപടിൽ കുറവായ തുക ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക സ്ഥാപന ഉടമകളിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

2-10 ഷോപ്പിംഗ് കോംപ്ലക്സ്സ് വാടക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിൽ പൈകയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്സിലെ റും നമ്പർ 1-159, 1-162A എന്നീ മുറികൾ 2015-16 സാമ്പത്തിക വർഷം വാടക രജിസ്റ്റർ പ്രകാരം ഒഴിഞ്ഞുകിടക്കുന്നതായി കാണ്ടു. ഷോപ്പിംഗ് കോംപ്ലക്സ്സിലെ 1/162B നമ്പർ മുറി ശ്രീ. ജൂബിച്ചൻ ആന്റണി, പ്രസിഡന്റ് കാർഷിക വികസന സൊസൈറ്റി എന്നപേരിൽ വാടക രഹിതമായി നൽകിയിരിക്കുന്നു. ടി മുറികൾ ലേലം ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-14 ന് ലഭ്യമാക്കിയ മറുപടിയിൽ റും നമ്പർ 1-159, 1-162A എന്നീ മുറികൾ 2015-16 സാമ്പത്തിക വർഷം ലേലം ചെയ്ത് നൽകിയിട്ടില്ല എന്നും, ഇപ്പോൾ ലേലം ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്നം അറിയിച്ചിട്ടുണ്ട്. റും നമ്പർ 1/162B മുറി ഒഴിഞ്ഞുകിടക്കുന്നതായും, ഇപ്പോൾ ലേലം ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്നം അറിയിച്ചിട്ടുണ്ട്. ഇപ്രകാരം മുറികൾ സമയബന്ധിതമായി ലേല നടപടികൾ നടത്താതെ ഒഴിച്ചിട്ടിരിക്കുന്നതിനാൽ വാടക ഇനത്തിൽ ലഭിക്കേണ്ട വരവുതുകയിൽ നഷ്ടം സംഭവിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ്സിലെ 1-157, 1-158 നമ്പർ മുറികൾ 2014-15 സാമ്പത്തിക വർഷം 14000 രൂപ വാടക കുടിശ്ശിക വരുത്തിയ ശ്രീമതി ജിൻസി വർഗീസ് എന്നയാൾ ടി കുടിശ്ശിക അടവാക്കാതെ 2015-16 സാമ്പത്തിക വർഷവും ടി മുറികൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 31-03-16ലും ടി കുടിശ്ശിക ഈടാക്കിയിട്ടില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം-14 ന് ലഭ്യമാക്കിയ മറുപടിയിൽ 31-03-16 ൽ വാടകക്കാരി ഒഴിഞ്ഞതിനാൽ 2016-17 സാമ്പത്തിക വർഷം ടി മുറികൾ മറ്റൊരാൾക്കാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് എന്നും, 2014-15 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശിക 14000 രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല എന്നും, ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും അറിയിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള കരാർ ചമയ്ക്കാതെയും, 2014-15 വർഷത്തെ വാടക കുടിശ്ശിക ഈടാക്കാതെ 2015-16 സാമ്പത്തിക വർഷവും മുറികൾ കുടിശ്ശികക്കാരിക്ക് വാടകയ്ക്ക് നൽകിയത് ക്രമപ്രകാരമല്ല. 31-03-16 ൽ വാടകക്കാരി വാടക ഒഴിഞ്ഞുപോകുന്നതുവരെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക തുക 14000 രൂപ യഥാർത്ഥത്തിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. തുക ഈടാക്കാതെയും കുടിശ്ശിക തുക ഈടാക്കാതെ വീണ്ടും വാടകയ്ക്ക് നൽകുകയും സാമ്പത്തിക വർഷാവസാനം കുടിശ്ശിക അടയ്ക്കാതെ മുറി ഒഴിയുന്നതിന് അനുവദിക്കുകയും ചെയ്ത സെക്രട്ടറിയിൽ നിന്നും തുക നിയമാനുസൃത പലിശ ഉൾപ്പടെ ഈടാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 8 വർഷത്തെ സേവനത്തിന് ഹയർഗ്രേഡ്-അധികചെലവ്

വൗച്ചർ നം-21500241/1-7-2015, തുക-17737

ചെക്കും -1662662/1-7-15, ആകെ തുക-504797

സെറിഫെഡ് ൽ നിന്ന് പുനർവിന്യസിക്കപ്പെട്ട് എലിക്കുളം ഗ്രാമപഞ്ചായത്തിൽ നിയമിതനാവുകയും എരുമേലി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റപ്പെടുകയും ചെയ്ത ശ്രീ.പി.പ്രസാദ്, എൽ.ഡി ക്ലർക്കിന് കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28-2-2014 ലെ ഇ1-8340/13 നം ഉത്തരവിന്റയടിസ്ഥാനത്തിൽ 8 വർഷ സേവനത്തിന് 13-4-2011 പ്രാബല്യത്തിൽ 11620 – 20240 സ്കേലിൽ ഹയർ ഗ്രേഡ് അനുവദിച്ചു.

2009 ലെ ശമ്പള പരിഷ്കരണത്തിന്റെയടിസ്ഥാനത്തിൽ ടി യാന്റെ ശമ്പളം 2-8-2010 ൽ, (പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത്) 9940-16580 എന്ന സ്കേലിൽ 12880/ ആയി നിർണ്ണയിച്ചു. ഇത് പ്രകാരം 13-4-2011 ൽ 11620- 20240 സ്കേലിൽ നിജപ്പെടുത്തേണ്ടിയിരുന്നത് 13540 രൂപയായിരുന്നു. എന്നാൽ 13900/ ൽ നിജപ്പെടുത്തുകയും എലിക്കുളം ഗ്രാമപഞ്ചായത്തിൽ ടിയാൻ ജോലി ചെയ്തിരുന്ന കാലയളവിലെ കുടിശിക ശമ്പളം (13-4-11 മുതൽ 17-10-12 വരെ) നല്കാനാവശ്യപ്പെട്ട് എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-6-14 ൽ നല്കിയ A2-4777/13 കത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക നല്കുകയും ചെയ്തു. ശമ്പള നിർണ്ണയത്തിലെ തെറ്റ് മൂലം അധികമായി നല്കിയ 8820 (ശമ്പളം- 6522 + DA-2298) ടിയാനിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

തുക നല്കിയതിന്റ വിവരം

മാസം	അർഹമായ തുക	നല്കിയ തുക	അധികം
4/11	7673+1842(DA)	7877+1890	204+48
5/11	13540+3250	13900+3336	360+86
6/11	13540+3250	13900+3336	360+86
7/11	13540+4197	13900+4309	360+112
8/11	13540+4197	13900+4309	360+112
9/11	13540+4197	13900+4309	360+112
10/11	13540+4197	13900+4309	360+112
11/11	13540+4197	13900+4309	360+112
12/11	13540+4197	13900+4309	360+112
1/12	13540+5145	13900+5282	360+137
2/12	13540+5145	13900+5282	360+137
3/12	13540+5145	13900+5282	360+137
4/12	13540+5145	13900+5282	360+137
5/12	13540+5145	13900+5282	360+137
6/12	13540+5145	13900+5282	360+137
7/12	13540+6090	13900+6255	360+165
8/12	13540+6090	13900+6255	360+165
9/12	13540+6090	13900+6255	360+165
10/12 (17-10-12 വരെ)	7425+3341	7623+3430	198+89
ആകെ	245278+86005=331283	251800+88303=340103	6522+2298

			=8820

3-2 ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ളപദ്ധതിക്ക് ധനസഹായം-ചെലവ് അംഗീകരിക്കുന്നില്ല.

വൗച്ചർ നം-21500138/21-5-15

ചെക്ക്നം-26188/21.5.15, തുക-4000

ഗ്രാമപഞ്ചായത്തിലെ ഉരുളികുന്നം കുടിവെള്ള പദ്ധതിയുടെ ദൈനംദിന നടത്തിപ്പ് ജലധാര ചാരിറ്റബിൾ സൊസൈറ്റി എന്നഗുണഭോക്തൃസമിതിയാണ് ചെയ്തുവരുന്നത്. ടി പദ്ധതിയുടെ കുളം തേകി വൃത്തിയാക്കുന്നതിനായി ഗുണഭോക്തൃസമിതിയുടെ അപേക്ഷപ്രകാരം 4000/ രൂപ നല്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ളപദ്ധതിക്കായി പഞ്ചായത്തിൽ നിന്ന് വീണ്ടും തുക ചെലവഴിക്കുന്നത് അനാവശ്യചെലവാണ്. ചെലവ് നിരാകരിക്കുന്നു.

3-3 ഞണ്ടുപാറ അംഗൻവാടി മെയിന്റനൻസ്- അപാകതകൾ

പ്രോജക്റ്റ് നം. 112/16

അടങ്കൽ- 125000 രൂപ

ചെലവ്- 123456 രൂപ (ബിൽ നം. 1/15-16/22.7.15)

ടി പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ ഞണ്ടുപാറ അംഗൻവാടി (നം. 41) യുടെ ഓടുമേഞ്ഞ മേൽക്കൂര പൊളിച്ചുമാറ്റി അലൂമിനിയം ഷീറ്റ് റൂഫിംഗ് നടത്തുകയായിരുന്നു ലക്ഷ്യം. എസ്റ്റിമേറ്റിലെ ഇനം 6(b) പ്രകാരം 0.8mm കനമുള്ള പൗഡർ കോട്ടഡ് അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് അംഗൻവാടിയുടെ റൂഫിംഗ് നടത്തുക എന്നുള്ളതാണ്. എം. ബുക്ക് നം. 18/14-15 പേജ് 9,10 എന്നിവയിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം ടി ഇനം 75.5 m2 ചെയ്തിട്ടുണ്ട്. ആയതിന് ചതുരശ്ര മീറ്ററിന് 810 രൂപ നിരക്കിൽ 61317 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ അംഗൻവാടിയിൽ പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതിൽ റൂഫിംഗ് നടത്തിയിരിക്കുന്നത് 0.3 mm കനമുള്ള ജി.ഐ. ഷീറ്റ് ഉപയോഗിച്ചാണ് എന്ന് കണ്ടു. അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തുന്നതിന് പകരം ജി.ഐ. ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തുകയും അലൂമിനിയം ഷീറ്റിന്റെ നിരക്ക് അനുവദിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല. ജി.ഐ ഷീറ്റിന് അനുവദനീയമായ നിരക്ക് 431/m2 ആണ്.

<u>ജി.ഐ.ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് നിരക്ക്</u> 10 ച.മീറ്റർ

10.5 M2 GI Sheet @₹284.1/m2	2983.05
1.5 Kg bolts @₹81 കി.ഗ്രാം.	121.5
22 Nos. Bitumen washer ₹3/10 No.	6.6
1.35 Nos. Carpenter @500/E	675
1.35 Man @377/E	508.95
conveyance (LS)	10
For 10 m2	4305
for 1 m2 (without CP)	431

അധികം നൽകിയ നിരക്ക് (379/m2) 75.5 m2 ന് 28615 രൂപ (75.5x379) കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5) മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ 28615 രൂപ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി രാധാമണി കെ.എൻ. ൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 ചാത്തമല കുടിവെള്ള പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം.113/16

അടങ്കൽ-261184 രൂപ (വികസന ഫണ്ട് എസ്. സി. പി.)

ചെലവ്- 223726 രൂപ (ബിൽ നം. 5/15-16/22.7.15)

ചാത്തമല കോളനിയിൽ 20വർഷങ്ങൾക്ക് മുൻപ് നിലവിൽ വന്ന ടി കുടിവെള്ളപദ്ധതിയുടെ നിലവിലുള്ള പമ്പ് സെറ്റ്, അനുബന്ധ ഉപകരണങ്ങൾ, പമ്പിംഗ് മെയിൻ, വിതരണ ലൈൻ എന്നിവ മേൽ പ്രോജക്റ്റ് പ്രകാരം മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

കൺവീനർക്ക് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക
എം ബുക്ക് പ്രകാരമുള്ള വേലമൂല്യം	211062
വാറ്റ് 5%	10553
ക്ഷേമനിധി 1%	2111
ആകെ	223726
(-) വാറ്റ് 5%	10553
(-) ക്ഷേമനിധി 1%	2111
(-)ആദായനികുതി 2%	4221
കൺവീനർക്കു നൽകിയ തുക	206841

ഡി.ഡി. നം. 740830/24.7.15 പ്രകാരം 206841 കൺവീനർ ശ്രീ എ.ആർ അശോക് കുമാറിനു നൽകി.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നിർവ്വഹിച്ച ടി പ്രോജക്ടിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2)ലക്ഷ്മി ഇലക്ട്രിക്കൽസ് & സാനിട്ടറി പൊൻകുന്നം എന്ന സ്ഥാപനത്തിൽ നിന്നും 5 എച്ച്.പി. പമ്പ്, മറ്റ് അനുബന്ധഉപകരണങ്ങൾ, 63mm, 40mm, 32mm, 20mm എന്നീ അളവുകളിലുള്ള പൈപ്പുകൾ എന്നിവ വാങ്ങിയതിന് 205720 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിസ്ഥാപനത്തിൽ നിന്നുള്ള കാഷ് ബിൽ ഹാജരാക്കിയിട്ടില്ല.

3) ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 223726 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 അങ്കണവാടി കേന്ദ്രസഹായം ചെലവഴിക്കാത്ത തുക -കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

സ.ഉ.നം.39033/ഡി.സി.2/2010/ ത.സ്വ.ഭ.വ. പ്രകാരം പൂരക പോഷകാഹാര പരിപാടി (എസ്.എൻ.പി) യ്ക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി നം.47 ന് സ്വന്തമായി സ്ഥലമുണ്ട്. എന്നാൽ ടി അങ്കണവാടി വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കേന്ദ്രവിഹിതത്തിൽ 31.3.2016 ൽ 246,766 രൂപ നീക്കിയിരുപ്പുണ്ട്. ടി തുക കൂടി വിനിയോഗിച്ച് അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2015-16 ൽ ലഭ്യമായ കേന്ദ്രവിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (A/C No.67256266621 എസ്.ബി.റ്റി.ഇളങ്ങുളം)

മുന്നിരിപ്പ്	642
വരവ്	274154
പലിശ	4959
ആകെ	279755
ചെലവ്	32989
നീക്കിയിരുപ്പ്	246766

3-6 ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി പ്രവർത്തനങ്ങളിൽ അലംഭാവം.

ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ 25.08.2014 നു ശേഷം നാളിതുവരെ നടത്തിയിട്ടില്ല. ഒന്നാം ഘട്ട പദ്ധതി റീവിസിറ്റ് നടത്തിയതിനെ തുടർന്ന് 22 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തനത്തിന് 18.01.2010 ലെ 12/10/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കി കുടുംബശ്രീ ജില്ലാമിഷന്റെ അംഗീകാരത്തിനായി 29.09.2015 ൽ മാത്രമാണ് അയച്ചത്. ടി പദ്ധതിയ്ക്ക് 76,58,129 രൂപ അടങ്കൽ തുകയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.1731/2016/ത.സ്വ.ഭ.വ. തീ.23.05.2016). തുടർ സേവന പദ്ധതിയുടെ ഇനം തിരിച്ചുള്ള ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ആകെ ഗുണഭോക്താക്കൾ	100
ആഹാരം	1220400
ആരോഗ്യം	505500
വിദ്യാഭ്യാസം	147000
പെൻഷൻ	0
കുടിവെള്ളം	247500
സാനിറ്റേഷൻ	264000
സ്ഥലം വാങ്ങൽ	400000
ഭവനനിർമ്മാണം(പുതിയത്)	4000000
ഭവന പുനരുദ്ധാരണം	775000
തൊഴിൽ	0
മറ്റ് ഇനങ്ങൾ	98729
ആകെ അടങ്കൽ	7658129
അനുവദനീയമായ ഗ്രാന്റ് തുക	1926629

ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (57056550593 എസ്.ബി.റ്റി എലിക്കുളം) 31.03.2016 ൽ 1109886 രൂപ നീക്കിയിരുപ്പുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഇടപാടുകളും ടി അകൗണ്ടിലൂടെയാണ് ചെലവഴിക്കുന്നത് എന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് ആശ്രയ പദ്ധതിയ്ക്ക് മാത്രമായി (A/C NO.67362839582 എസ്.ബി.റ്റി.എലിക്കുളം) 30.5.2016 ൽ പുതിയ അക്കൗണ്ട് തുറന്നിട്ടുണ്ട്. ടി അക്കൗണ്ടിൽ 25.07.2016 ലെ നീക്കിയിരുപ്പ് 1124156.75 രൂപയാണ്. ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് 2015-16 സാമ്പത്തികവർഷം ഭക്ഷണം, വസ്ത്രം, ആരോഗ്യരക്ഷ എന്നീയാതൊരിനങ്ങളിലും തുക ചെലവഴിയ്ക്കാതിരുന്നത് പഞ്ചായത്ത് ടി വിഭാഗത്തിലുള്ള ജനങ്ങളോട് പുലർത്തുന്ന അവഗണനയാണ് വ്യക്തമാക്കുന്നത്. ആശ്രയ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബി)ആശ്രയ പദ്ധതി -പഞ്ചായത്ത് വിഹിതം നൽകിയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല.

പ്രോജക്ട് നം.S0093/16, വികസന ഫണ്ട് -300,000 രൂപ

ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസിനായി പദ്ധതി വിഹിതത്തിൽ നിന്നും 3 ലക്ഷം രൂപ നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ. പിൻവലിച്ച് സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നം.056810 തീ.18.03.2016). നാളിതുവരെ ടി തുക അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. തുക പ്രയോജനപ്പെടാതെ നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ കിടക്കുകയാണ്. തുക നിരാലംബരും അഗതികളുമായ ആശ്രയ ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണ പ്രവൃത്തികൾക്കായി വിനിയോഗിക്കേണ്ടതും വി.ഇ.ഒ. തുകയുടെ വിനിയോഗം നിരീക്ഷിക്കേണ്ടതുമാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1. സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്	62500	ശാരിരീക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	62500	ഇല്ല

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് -ഇല്ല.

4-4. വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./ തിയ്യതി	വായ്പ തുക	തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി
					മുതൽ	പലിശ	
1.	ഇ.എം.എസ്.ഭവന വായ്പ	സ.ഉ.(സാധാ)നം. 1301/10 ത.സ്വ.ഭ.വ	10500000	5250000	1950000	-	3300000

4-5. സ്ഥിരനിക്ഷേപങ്ങൾ

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി പൈകയിലെ 720-ാം നമ്പർ അക്കൗണ്ടിൽ 1 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം (ദുരിതാശ്വാസ നിധി) ഉണ്ട്.

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം,
സ്ഥിരനിക്ഷേപം	100000	അക്കൗണ്ട് നം.720

4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 13984 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ / തീയതി
2010-11,2011-12	3.3 എ	11913	അസിസ്റ്റന്റ് എഞ്ചിനീയർ	11502100452/4.05.2015
2002-03	2.3	299	സെക്രട്ടറി എലിക്കുളം ഗ്രാമപഞ്ചായത്ത്	11502101550/9.09.2015
2005-06	3.1	1575	മാത്യു.ടി.ആനിത്തോട്ടം	11502101805/5.10.2015
2004-05	3.2	197	സെക്രട്ടറി എലിക്കുളം ഗ്രാമപഞ്ചായത്ത്	11502101551/9.09.2015

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	32232693
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	38661430
വരവിനങ്ങളിലുള്ള നഷ്ടം	24700
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	41435
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	223726

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
2-7	3000		ശ്രീമതി ബി.എസ്. ഗീത, സെക്രട്ടറി
2-8	3000		”
2-9	7700		”
2-10	14000		ശ്രീമതി ഗീതമേരി മാമൻ, സെക്രട്ടറി
3-1		8820	ശ്രീ.സിബിജോസ് കെ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്)

3-2		4000	”
3-3		28615	ശ്രീമതി രാധാമണി കെ.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	24700	41435	

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
3-4	223726	ശ്രീ.മഹേഷ് പി.മോഹൻ, അസിസ്റ്റന്റ് എഞ്ചിനീയർ

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം-ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഖണ്ഡിക 2-2, 2-3, 2-4, 2-5, 2-7

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ബി.എസ്.ഗീത, സെക്രട്ടറി	വിരമിച്ചു	ജ്യോതിസ്, ആനന്ദവല്ലീശ്വരം, തിരുമുല്ലവാരം പി.ഒ, കൊല്ലം-691012.
ശ്രീമതി ഗീതമേരി മാമൻ, സെക്രട്ടറി	സെക്രട്ടറി, കങ്ങഴ ഗ്രാമപഞ്ചായത്ത്	ചെമ്മരപ്പള്ളിൽ, മണിമല പി.ഒ
ശ്രീ.സിബി ജോസ് കെ, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി ഇൻ-ചാർജ്ജ്, എലിക്കുളം ഗ്രാമപഞ്ചായത്ത്	കപ്പലുമാക്കൽ വീട്, കപ്പാട് പി.ഒ-686508
ശ്രീമതി രാധാമണി കെ.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എൻജിനീയർ, കൂരോപ്പട ഗ്രാമപഞ്ചായത്ത്	കരിയം, ഇ.കെ.ആർ.എ., ബിൽഡിംഗിന് സമീപം, പൗഡിക്കോണം, തിരുവനന്തപുരം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01,,2001-02ജനകീയാസൂത്രണം	പി 12/1533/13(14)/അദാ/31.05.14	10
2002-03(ഡി.സി.ബി)	പി3/401/11 തീ. 3.08.11	8
2003-04(വരവ്)	പി 3/402/11 തീ.3.08.11	3
2005-06	പി.12/721/15 തീ..9.09.15	11
2006-07	പി.12/722/15 തീ.9.09.15	4
99-00ചെലവ്	എൽ.എഫ്.കെ.പി.6/55/03 തീ.16.6.03/10.10.03	27
2009-10	എൽ.എഫ്.കെ.പി 12/725/15 തീ.9.09.15	5
2010-11 ,11-12	എൽ.എഫ്.കെ.പി.12/726/15 തീ.09.9.15	7
2012-13	എൽ.എഫ്.കെ.പി. 12/20/15 തീ.6.08.15	7
2013-14&2014-15	കെ.എസ്.എ.കെ.ടി.എം.പി. 12-304/2016തീ.2.04.2016/11.04.16	45

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.കെ.ടി.എം പി.12-1682/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:05.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **എലിക്കുളം ഗ്രാമ**പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **എലിക്കുളം ഗ്രാമ**പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,